III സബ്മിഷൻ

(1) നിയോജകമണ്ഡലത്തിലെ നിർമ്മാണപ്രവർത്തനങ്ങളെപ്പറ്റി എം. എൽ. എ. മാർക്ക് അറിവുകൊടുക്കൽ

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കഴിഞ്ഞ വെള്ളപ്പൊക്കത്തിന്റെ ഫലമായി സംസ്ഥാനത്തെ പല റോഡുകളും ഒലിച്ചുപോയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഇറിഗേഷൻ സിസ്റ്റംതന്നെ ആകെ തകരാറിലാണ്. പല കുളങ്ങളുടേയും ബണ്ട് ഉടഞ്ഞുപോയിട്ടുണ്ട്. ഇതിന്റെ റിപ്പയർ വർക്ക് നടത്തുന്നത് ബ്ലോക്കും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും പൊതുമരാമത്തു വകുപ്പുമാണ്. ഏതെല്ലാം പ്രവൃത്തികളാണ് അടിയന്തിരമായി ചെയ്തു തീർക്കേണ്ടതെന്നുള്ളതിനെപ്പറ്റി ഈ മൂന്നു വകുപ്പുതലത്തിലുമാണ് ചർച്ചകൾ നടക്കുന്നത്. ഏതെല്ലാം വർക്കുകൾ ചെയ്യണം എന്നുള്ളത് ഇപ്പോൾ കളക്ടറേറ്റിൽ പരിശോധനയ്ക്കു വിധേയമായിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിൽനിന്ന് കുറെയധികം ധനസഹായം ഇപ്പോൾ കിട്ടിയിട്ടുണ്ട്. അത് ജില്ലകൾക്ക് വീതിച്ചുകൊടുക്കുന്നുവെന്നാണ് നേരത്തെ ഇവിടെ റിപ്പോർട്ടുചെയ്യപ്പെട്ടത്. അതുതന്നെ വീണ്ടും ബ്ലോക്കുതലത്തിലും പൊതുമരാമത്തു തലത്തിലും മൈനർ ഇറിഗേഷൻ വകുപ്പിലും വീതിച്ചുകൊടുക്കും. ഏതെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് ജനപ്രതിനിധി എന്നുള്ള നിലയിൽ എം. എൽ. എ. മാരെ അറിയിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ഇവിടെ നേരത്തെ ഒരു ചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറഞ്ഞു, പണി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വിജിലൻസിൽ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടെന്ന്. വിജിലൻസിൽ സംവിധാനം ഉണ്ടാക്കികൊള്ളട്ടെ. നിയോജകമണ്ഡലത്തിൽപെട്ട പഞ്ചായത്തിലും ബ്ലോക്കുതലത്തിലും നടക്കുന്ന മരാമത്തുപണികൾ, റിപ്പയർ വർക്കുകൾ ഇവയെല്ലാം ഏതെല്ലാമാണെന്നും എത്ര രൂപ അലോട്ടുചെയ്തിട്ടുണ്ടെന്നും ഉള്ള വിവരം ദയവായി ഇതു നടക്കുമ്പോൾ അതാത് എം. എൽ. എ. മാരെ അറിയിക്കുവാൻ ജില്ലാ കലക്ടർമാർക്ക് ഉത്തരവു നൽകണമെന്ന് ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് വിനീതമായി അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഓരോ ഡിപ്പാർട്ടുമെന്റിന്റേയും ചുമതലയിൽപ്പെട്ട അറ്റകുറ്റപ്പണികൾ തീർക്കാൻ ആ ജില്ലയിലെ അതാതു വകുപ്പിലെ അധിപൻമാരുടെപ്പെടെ കളക്ടർമാരുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയാണ് വർക്ക് നടത്തുന്നത്. പൊതുമരാമത്തുവകുപ്പിലും ഇറിഗേഷനിലും നിന്നുള്ള പ്രപ്പോസലുകൾ അവരുടെ ചീഫ് എൻജിനീയർ അയച്ചാൽ അത് സെക്രട്ടേറിയറ്റിൽ പ്രപ്പോസസ് ചെയ്ത് അന്തിമമായ തീരുമാനത്തിനു റവന്യൂ ഡിപ്പാർട്ടുമെന്റിൽ അയയ്ക്കുന്നു. ആ സംവിധാനമനുസരിച്ച് ഓരോ വർക്കും പ്രാദേശികമായി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. അതുപോലെതന്നെ ഓരോ വകുപ്പിനും ആവശ്യമായ പണവും സാങ്ഷൻ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത് അത്തരം പ്രവർത്തനങ്ങൾ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ആയിരിക്കണമെന്നാണ്. ഇവിടെ ഈ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനോടൊപ്പംതന്നെ അതിന്റെ കോ-ഓർഡിനേഷൻ ഓഫീസറായി പ്രവർത്തിക്കുന്ന ജില്ലാ കളക്ടർ എം. എൽ. എ. മാരെ

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങൾ എന്നുള്ള നിലയിൽ ഈ പ്രവർത്തനത്തിന്റെ പുരോഗതി ധരിപ്പിക്കണം എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഏതെല്ലാം വർക്ക് നടക്കുന്നു എന്ന് ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ഒന്നറിയിച്ചാൽ എത്ര രൂപ ചെല വഴിക്കുന്നുവെന്നറിയാം. മുൻകൂട്ടി വിവരം അറിയാൻവേണ്ടിയാണ്.

ശ്രീ. കെ. കരുണാകരൻ: വർക്കിന്റെ കാര്യത്തിൽ ഡിസ്പ്യൂട്ടിനു സാദ്ധ്യതയില്ല. ഏതെങ്കിലും വർക്ക് മാറ്റിവയ്ക്കുന്നുവെങ്കിൽ ആ കാര്യങ്ങൾ അറിയിക്കുവാൻ വേണ്ട സംവിധാനമുണ്ടാക്കാം. എല്ലാ വർക്കിനെപ്പറ്റിയും അറിയിക്കുകയെന്നുവച്ചാൽ പ്രയാസമുള്ള കാര്യമാണ്. എന്തായാലും എം. എൽ. എ മാരുമായി ബന്ധപ്പെടുന്നതിനുവേണ്ടി കളക്ടർക്ക് നിർദ്ദേശം കൊടുക്കാം. അതു കാര്യക്ഷമമായി പ്രവർത്തി പ്പിക്കുവാൻ വേണ്ടി ജനപ്രതിനിധികളുടെ സഹകരണം തേടാൻ ആവ ശ്യപ്പെടാം.

(2) കൊട്ടാരക്കരയിൽ ശ്രീനാരായണഗുരുമന്ദിരം തല്ലിത്തകർത്ത തിനെപ്പറ്റി

ശ്രീ. ടി. വി. വിജയരാജൻ: സർ, കഴിഞ്ഞ കുറെ കാലങ്ങളായി നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശ്രീനാരായണഗുരു മന്ദിരങ്ങൾക്കുനേരെ കുറെ സാമൂഹ്യവിരുദ്ധർ സംഘടിതമായി രാത്രി യിൽ പതിയിരുന്ന് ആക്രമണങ്ങൾ നടത്തി അവയൊക്കെ തല്ലിത്തകർക്കു കയാണ്. കഴിഞ്ഞ അസംബ്ലിയിലും ശ്രീ. എ. വി. താമരാക്ഷൻ ഇതിനെ ക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയു ണ്ടായി. ഏറ്റവും ഒടുവിലായി കൊട്ടാരക്കരയിലെ ഗുരുമന്ദിരവും—അതാ യത് യൂണിയനാഫീസിന്റെ അങ്കണത്തിൽതന്നെ സ്ഥിതിചെയ്യുന്ന ഗുരുമന്ദിരം—രാത്രി പന്ത്രണ്ടുമണിവരെ പരിപാടികൾ നടത്തി ആളുകൾ പിരിഞ്ഞതിനുശേഷം ഒരു സംഘം ആളുകൾ തല്ലിത്തകർക്കുകയുണ്ടായി. ഇത് നേരെ ചെയ്യാനുള്ള തന്റേടം ഇല്ലാത്തതുകൊണ്ടായിരിക്കാം രാത്രി യിൽ ചെയ്യുന്നത്. നമ്മുടെ അമ്പലങ്ങളിൽ മോഷണം കൂടിവന്നപ്പോൾ ഒരു ടെമ്പിൾസ് കാർഡ് ഉണ്ടാക്കി കണ്ടുപിടിക്കാൻ ഗവൺമെന്റ് പരിശ്രമി ക്കുകയും കണ്ടുപിടിക്കുകയും ചെയ്തതുപോലെ സംഘടിതമായി നടത്തുന്ന ഈ ആക്രമണങ്ങൾ കണ്ടുപിടിക്കാൻവേണ്ടിയും ഒന്നുകിൽ ടെമ്പിൾ സ്കാഡിനെ ഏൽപ്പിക്കുകയോ അല്ലെങ്കിൽ പ്രത്യേകിച്ച് ഏതെങ്കിലും പോലീസ് വിഭാഗത്തെ ഏൽപ്പിക്കുകയോ ചെയ്യണം. ഇതൊരു അടിയന്തിരപ്രശ്നമായി കണ്ടുപിടിക്കാനുള്ള സംവിധാനം ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഏർപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ മൂന്നു ജില്ലകളിൽ കഴിഞ്ഞ മൂന്നുനാലു മാസങ്ങൾക്കുള്ളിൽ ചില ഗുരുദേവപ്രതിമകൾക്കുനേരെ കല്ലേറുണ്ടായി. ഒരു പ്രത്യേകമായ കരുതലോടുകൂടിയാണോ ഇത് നടത്തിയിട്ടു ള്ളതെന്ന് സംശയിക്കത്തക്ക രീതിയിലാണ് കല്ലേറും ഗ്ലാസ് പൊട്ടിക്കലും ഉണ്ടായിട്ടുള്ളത്. ഇതിനേക്കുറിച്ച് ആലപ്പുഴയിൽ ത്തന്നെ മൂന്നു പരാതികളുണ്ടാവുകയും ഉടനെ അന്വേഷിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly